


# രക്ഷകനെ കാത്തിരുന്ന ജനം

5

സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി.

പാഠം 15

# മിശിഹായെക്കുറിച്ചുള്ള വാഗ്ദാനങ്ങളും പ്രവചനങ്ങളും





ദൈവത്തെ മറന്നു ജീവിക്കുന്ന ജനത്തിനു പ്രവാചകൻമാർ മുന്നറിയിപ്പു നല്കി. ജന ത്തിൽ കലഹവും അസമാധാനവും പടർന്നു.

# രക്ഷകനെക്കുറിച്ചുള്ള വാഗ്ദാനങ്ങൾ

## മോശ ഇസ്രായേൽ ജനത്തോടു പറഞ്ഞു:

കർത്താവ് അരുളിചെയ്യുന്നു. 'നിന്റെ സഹോദരൻമാരുടെ ഇടയിൽനിന്നു നിന്നേപ്പോലൊരു പ്രവാചകനെ ഞാൻ അവർക്കുവേണ്ടി അയക്കും. എന്റെ വാക്കുകൾ ഞാൻ അവന്റെ നാവിൽ നിക്ഷേപിക്കും. ഞാൻ കല്പിക്കുന്നതെല്ലാം അവൻ അവരോടു പറയും'.

(നിയമാവർത്തനം18.18)

ഏദൻതോട്ടത്തിൽ വച്ചും രക്ഷകനെപ്പറ്റിയുള്ള വാഗ്ദാനമുണ്ട്.

# രക്ഷകനെക്കുറിച്ചുള്ള പ്രവചനങ്ങൾ

1. ഏശയ്യയുടെ ഇമ്മാനുവേൽ പ്രവചനം. 'യുവതി ഗർഭം ധരിച്ച് ഒരു പുത്രനെ പ്രവസവിക്കും. അവൻ ഇമ്മാനുവേൽ എന്നു വിളിക്കപ്പെടും'.

ഇമ്മാനുവേൽ എന്നവാക്കിന്റെ അർത്ഥം

**ദൈവം നമ്മോടുകൂടെ**

2. ജറമിയായുടെ പ്രവചനം: 'ദാവീദിന്റെ ഭവനത്തിൽനിന്നു നീതിമാനായ ഒരു മുളയെ ഞാൻ കിളിർപ്പിക്കും'.

3. മറ്റു പ്രവാചകരുടെ പരാമർശ്ശങ്ങൾ: ദാവീദിന്റെ വംശവുമായി മിശിഹായ്ക്കുള്ള ബന്ധം നാഥാനും, ജറെമിയായും സൂചിപ്പിക്കുന്നു.
4. മിക്ക– മിശിഹാ യുഗങ്ങൾക്കു മുമ്പേയുള്ളവൻ എന്നു പ്രവചിച്ചു
5. സഖറിയ – കഴുതക്കുട്ടിയുടെ പുറത്തു കയറി വരുന്ന വിന യാന്വിതനായ രാജാവ്.
6. എസക്കിയേൽ– മിശിഹ നല്ല ഇടയൻ

# സ്നാപകയോഹന്നാന്റെ സക്ഷ്യം

## മിശിഹായ്ക്ക്  വഴിയൊരുക്കിയവൻ

Luke 3:4-6

Luke 3:9-11



John 1:26-27

John 1:29-30



# പ്രവചനങ്ങളുടെ പൂർത്തീകരണം

പ്രവചനങ്ങളെല്ലാം പൂർത്തിയാകുന്നത് ഈശോയിലാണ്.

പറുദീസായിലാരംഭിച്ച രക്ഷാകരപദ്ധതി പഴയനിയമത്തിലൂടെ തുടർന്ന് പുതിയ നിയമത്തിൽ പൂർത്തിയായി.

ഈശോയുടെ കുരിശിലൂടെയുള്ള രക്ഷ അനുഭവിക്കുന്നവരാണു നാം.



# നമുക്കു പ്രാർത്ഥിക്കാം

**പ്രവചനങ്ങളുടെ പൂർത്തീകരണമായ**
**ഈശോയെ രക്ഷകനായ അങ്ങയെ**
**സ്വീകരിക്കാൻ ഞങ്ങളെ നുഗ്രഹിക്കണമേ**



# നമുക്കു പാടാം

രക്ഷകനീശോ വന്നു
രക്ഷണമേകീമന്നിൽ
നിത്യനാമഭിഷിക്തൻ
സത്യത്തിൻ പ്രഭാമയൻ....

നമ്മോടുകൂടെ വാഴു-
മിമ്മാനുവേലീമർത്ത്യ
വൃന്ദത്തിനേകീയുഗ
സാക്ഷ്യവും പ്രസാദവും.

രാജാവാണവൻ പക്ഷേ,
രാജ്യമാസ്വർഗം, സ്വന്തം
ജീവരക്തമീമന്നിൽ
ജീവനേകുവാൻ ചിന്തി.

പൂർത്തിയായ് പ്രവാചകർ
ചൊന്നതൊക്കെയും ദൈവ-
പുത്രനിൽ, രക്ഷാകര
പദ്ധതിയിതാണല്ലോ!

# ദൈവവചനം വായിക്കാം, വിവരിക്കാം

**പ്രവചനങ്ങളുടെ പൂർത്തീകരണമായ ഈശോയുടെ ജനനത്തെക്കുറിച്ച് വിവരിക്കുക. (മത്താ. 1.18–25)**



# വഴികാട്ടാൻ ഒരു തിരുവചനം

**‘അവൻ വളരുകയും ഞാൻ കുറയുകയും വേണം’ (യോഹ. 3:30)**

# എന്റെ തീരുമാനം

രക്ഷകനായ ഈശോയെ ലോകത്തിനു കാണിച്ചു കൊടുത്ത സ്നാപകയോഹന്നാനെപ്പോലെ ഞാനും എന്റെ കൂട്ടുകാർക്ക് ഈശോയെ കാണിച്ചുകൊടുക്കും.

## സ്വന്തമാക്കേണ്ട ബോധ്യങ്ങൾ

* ഈശോയെ രക്ഷകനായി ലോകത്തിനു നൽകുമെന്ന പ്രവചനങ്ങൾ ഉണ്ടായി.

* പ്രവചനങ്ങളുടെ പൂർത്തീകരണമാണ് ഈശോ.



# സ്വന്തമാക്കേണ്ട മനോഭാവങ്ങൾ

* നമുക്കായി രക്ഷകനെ നൽകിയ ദൈവത്തെ നാം സ്തുതിക്കണം.

* ലോകരക്ഷകനായ ഈശോയെക്കുറിച്ചു നാം മറ്റുള്ളവരോടു പറയാൻ കടപ്പെട്ടവരാണ്.



# സ്വന്തമാക്കേണ്ട ശീലങ്ങൾ

* ഈശോയെ ഞാൻ എന്റെ കൂട്ടുകാർക്കു പരിചയപ്പെടുത്തും.




THANK
YOU